I/181903/2024

**<u>തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ് അഡീഷണൽ ഡയറക്ടറുടെ നടപടിക്രമം</u>**

**(ഹാജർ : M P AJITHKUMAR)**

<u>സംഗ്രഹം</u>

വിഷയം :തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്– ജീവനക്കാര്യം-കേരള ബിവറേജസ് കോർപ്പറേഷനിൽ ഡ്രൈവർ ഗ്രേഡ് -2 തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ. ഷിഹാബ് കെ.എം-നെ മാതൃ വകുപ്പിലേക്ക് തിരികെ പ്രവേശിപ്പിച്ച് കൊണ്ട് ഉത്തരവാകുന്നു.

**<u>ഉത്തരവ് നമ്പർ:LSGD/PD/793/2024-IE3 തീയതി:20-01-2024</u>**

പരാമർശം: 1) മാനേജർ, കേരള ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ് കൽപ്പറ്റയുടെ 30/12/2023-ലെ KSBC/KPTA/ 12001/Deptn/T&P/RO/2023-24 നമ്പർ ഉത്തരവ്.
2) ശ്രീ.ഷിഹാബ്.കെ.എം-ന്റെ 03/01/2024-ലെ അപേക്ഷ.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ വകുപ്പിൽ മുഖ്യ നഗരാസൂത്രകന്റെ കാര്യാലയത്തിലെ ഗ്രേഡ് -2 ഡ്രൈവർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ഷിഹാബ്.കെ.എം കേരള ബിവറേജസ് കോർപ്പറേഷനിൽ ഗ്രേഡ്-2 ഡ്രൈവർ (എൽ.ഡി.വി) തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ 23/09/2021 തീയതി മുതൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതും, അന്യത്ര സേവന കാലാവധി കഴിഞ്ഞ് പരാമർശം (1) പ്രകാരം ടിയാനെ 30/12/2023 അപരാഹ്നം പ്രാബല്യത്തിൽ വിടുതൽ ചെയ്ത് ഉത്തരവായിട്ടുള്ളതുമാണ്. മാതൃവകുപ്പിലേക്ക് തിരികെ പ്രവേശിക്കാൻ പരാമർശം (2) പ്രകാരം ശ്രീ. ഷിഹാബ്.കെ.എം അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ ഗ്രേഡ് -2 ഡ്രൈവർ ശ്രീ. ഷിഹാബ്.കെ.എം-നെ നഗര ഗ്രാമാസൂത്രണ വകുപ്പിൽ തിരികെ പ്രവേശിപ്പിച്ചും, വയനാട് ജില്ലയിൽ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിൽ ഒഴിവുള്ള ഡ്രൈവർ (എൽ.ഡി.വി.) തസ്തികയിൽ നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു. ടിയാൻ ഉത്തരവ് കൈപ്പറ്റി കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുൻപാകെ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

നിയന്ത്രണാധികാരി ടിയാനെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും, പ്രവേശിപ്പിച്ച വിവരം വയനാട് ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന ഈ കാര്യാലയത്തിൽ യഥാസമയം റിപ്പോർട്ട് ചെയേണ്ടതുമാണ്.

M P AJITHKUMAR
**ADDITIONAL DIRECTOR**

ശ്രീ .ഷിഹാബ്.കെ.എം
ഡ്രൈവർ ഗ്രേഡ് -2 (എൽ.ഡി.വി)

പകർപ്പ് :
1. ജോയിന്റ് ഡയറക്ടർ ,തദ്ദേശസ്വയംഭരണ വകുപ്പ്, വയനാട്.
2. സെക്രട്ടറി, കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്.
3. സൂപ്രണ്ട്, DED സെക്ഷൻ.
   (RTI നിയമപ്രകാരം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
4. സൂപ്രണ്ട്, GEA സെക്ഷൻ.
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

Signed by
M P Ajithkumar
Date: 20-01-2024 15:21:40